# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 19-07-2016 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **2406**

## തുറമുഖങ്ങൾ ബന്ധിപ്പിച്ച് പ്രതിവാര ചരക്ക് കപ്പൽ സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വിൻസെന്റ് :<br>ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. കെ. സി. ജോസഫ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തുറമുഖങ്ങൾ ബന്ധിപ്പിച്ച് പ്രതിവാര ചരക്ക് കപ്പൽ സർവ്വീസ് നടത്തുന്നതിന് കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ; വിശദീകരിക്കുമോ ;<br><br>(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദീകരിക്കുമോ? | (എ) യും (ബി) യും (സി) യും സംസ്ഥാനത്ത് തുറമുഖങ്ങൾ ബന്ധിപ്പിച്ച് പ്രതിവാര ചരക്ക് കപ്പൽ സർവ്വീസ് നടത്തുന്നതിന് കർമ്മ പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ നിലവിൽ റോഡ് / റെയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾ കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലേക്ക് മാറ്റാനായി കേരള തീരദേശ കപ്പൽ ഗതാഗത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി ഒരു കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br><br>നിലവിൽ റോഡ് വഴിയുള്ള ചരക്ക്ഗതാഗതം മൂലമുണ്ടാകുന്ന തിരക്ക് കുറയ്ക്കുക, റോഡ് വഴിയുള്ള ചരക്ക് നീക്കത്തിന്റെ ഉയർന്ന ചെലവ് കുറയ്ക്കുക, അന്തരീക്ഷ മലിനീകരണം , അപകടങ്ങൾ എന്നിവ കുറയ്ക്കുക എന്നിവയാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. 2020 ഓടെ റോഡ് / റയിൽ മാർഗ്ഗമുള്ള ചരക്ക് നീക്കത്തിന്റെ 40%-ഉം 2030-ഓടെ 50%-ഉം തീരദേശ കപ്പൽഗതാഗതം വഴിയാക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br><br>തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ നടത്തിപ്പിനായി മെസേഴ്സ് ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പ്രസ്തുത പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം 09/11/2013 ന് കൊല്ലം |

തുറമുഖത്തു വച്ച് നടത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽ കൊല്ലം, അഴീക്കൽ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ നടപ്പിലാക്കാനാണ് ഉദ്ദേശി ച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേക്ക് വ്യാപിക്കുന്നതിന്റെ ഭാഗമായി 30/10/2014 ന് അഴീക്കൽ തുറമുഖത്ത് കണ്ടെയ്നർ ചരക്ക് നീക്കം ആരംഭിച്ചു. പ്രസ്തുത പദ്ധതി പ്രകാരം കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോ മീറ്ററിനു ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദി ച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതത്തിന് സഹായകമാകുന്ന രീതിയിൽ കപ്പൽ നിർമ്മാണ ത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചെറുകിട തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റേയും ആഴം കൂട്ടുന്നതിനായി 29 കോടിരൂപ മുതൽ മുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ബേപ്പൂർ തുറമുഖത്തിൽ ക്രയിൻ വാങ്ങിയിട്ടുണ്ട്. കണ്ടെയ്നർ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കിവയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഫോർക്ക് ലിഫ്റ്റ്, കൊല്ലം തുറമുഖത്ത് ലഭ്യമാക്കി യിട്ടുണ്ട്. കൊല്ലം , അഴീക്കൽ ,വിഴിഞ്ഞം, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിന് റീച്ച് സ്റ്റാക്കറുകൾ വാങ്ങിയിട്ടുണ്ട്. കപ്പൽ വാർഫിൽ അടുപ്പിക്കുന്നതിനും വലിച്ചു മാറ്റുന്ന തിനുമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ടഗ്ഗുകൾ ലഭ്യമാക്കിയിട്ടുണ്ട്. വേയ്ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ പൂർത്തിയാക്കിയിട്ടുണ്ട്. കൊല്ലത്ത് ഇ ഡി.ഐ സൌകര്യം ലഭ്യമാക്കിയിട്ടുണ്ട് . സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ , അഴീക്കൽ തുറമുഖ ങ്ങളിൽ ചരക്കുകൾ സൂക്ഷിക്കുന്നതിന് നബാർഡ് സഹായത്തോടെയുള്ള ഗോഡൗണുകൾ നിർമ്മിക്കു ന്നുണ്ട്.

**സെക്ഷൻ ഓഫീസർ**